# സീറോ-മലബാർ ഹയരാർക്കി ഉണ്ടായിട്ട് ഒരു നൂറ്റാണ്ട് - ഏകതാ ബോധത്തിലേക്ക് വളർത്താൻ സി.എം.ഐ സഭയുടെ പങ്ക്

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

സീറോ-മലബാർ ഹയരാർക്കി സ്ഥാപിക്കപ്പെട്ടതിന്റെ നൂറാം വാർഷികം അനുസ്മരിക്കുമ്പോൾ സഭയുടെ ഗതകാല ചരിത്രത്തിലേക്ക് തിരിഞ്ഞ് നോക്കുവാനുള്ള അവസരം കൂടിയാണ്. ക്രിസ്തുവിന്റെ അപ്പസ്തോലനിൽ ഒരുവനായ വിശുദ്ധ തോമ്മാശ്ലീഹായുടെ സാന്നിദ്ധ്യത്തിലൂടെ ആദ്യനൂറ്റാണ്ടിൽത്തന്നെ സ്ഥാപിക്കപ്പെട്ട ഭാരതസഭയിൽ ഹയരാർക്കി സ്ഥാപനത്തിന് നൂറ് വർഷത്തെ പഴക്കമേയുള്ളൂ എന്ന് കേൾക്കുമ്പോൾ ഇതിന്റെ പിന്നിലുള്ള ഒരുപാട് കഥകളെ കൂട്ടിവായിക്കേണ്ടിവരും എന്ന വസ്തുതകളുടെ ആഴങ്ങളിലേക്കിവിടെ ഇറങ്ങുന്നില്ല. ആ ഭാഗം ഒന്നുരണ്ട് വാചകങ്ങളിലൊതുക്കാം. അപ്പസ്തോലിക പാരമ്പര്യമുള്ള സഭ 15-ാം നൂറ്റാണ്ടുവരെ പേർഷ്യയിൽനിന്നുമുള്ള മെത്രാന്മാരിലൂടെ ഭരിക്കപ്പെട്ടു എന്ന വസ്തുത ഒന്ന്. പോർച്ചുഗീസുകാരുടെ ഒപ്പം കടന്നുവന്ന യൂറോപ്യൻ മിഷനറിമാരിലൂടെ സഭാഭരണം ലത്തീൻ മെത്രാന്മാരിലേക്ക് മാറ്റപ്പെട്ടു എന്നത് മറ്റൊന്ന്. 19-ാം നൂറ്റാണ്ട് വരെയുള്ള സുറിയാനിസഭയുടെ അനുഭവം. പിന്നീടങ്ങോട്ടുള്ള 1923 ലെ സീറോ-മലബാർ ഹയരാർക്കി സ്ഥാപനത്തിലേക്കുള്ള ത്വരിതഗമനങ്ങളിൽ സി.എം.ഐ. സന്യാസസഭയുടെ പങ്കിനെപ്പറ്റിയുള്ള ചെറുവിവരണമാണ് ഈ ലേഖനത്തിലൂടെ ലക്ഷ്യം വയ്ക്കുക.

1831-ൽ മാന്നാനം കുന്നിൽ സി.എം.ഐ. സഭയ്ക്ക് തുടക്കംകുറിച്ചത് മുതൽ സഭാപിതാക്കന്മാർ കേരളസഭാനവീകരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇത് സഭയുടെ സ്വത്വത്തെക്കുറിച്ചുള്ള ചിന്തകളെ ത്വരിതപ്പെടുത്തുന്നതിന് എളുപ്പമായി.

**സീറോ-മലബാർ സഭയിൽ പൊതുസെമിനാരിയുടെ ആവിർഭാവം**

ഞായറാഴ്ച പ്രസംഗങ്ങൾക്ക് തുടക്കം കുറിച്ചെങ്കിലും വൈദിക പരിശീലനത്തിന് പ്രാധാന്യംകൊടുത്തുകൊണ്ട് മാന്നാനത്ത് ആശ്രമത്തോട് ചേർന്നുതന്നെ 1833-ൽ പൊതു സെമിനാരി ആരംഭിച്ചു. അതുവരെ നിലവിലുണ്ടായിരുന്നത് ഗുരുകുല വിദ്യക്ക് സമാനമായുള്ള മല്പാനേറ്റുകളായിരുന്നു. സമർത്ഥരായ ചില വൈദികർ അവർ ആയിരിക്കുന്ന പള്ളിമുറിയോട് ചേർന്ന്, പലപ്പോഴും ബന്ധത്തിൽപ്പെട്ടവരെ തിരഞ്ഞെടുത്ത്, അവരുടെ അറിവിനും കഴിവുകൾക്കും താല്പര്യങ്ങൾക്കും അനുസരിച്ചുള്ള പരിശീലനം നൽകി വൈദികപരിശീലനം പൂർത്തിയായി എന്നവർക്ക് തോന്നുമ്പോൾ മെത്രാനെ അറിയിച്ച് തിരുപ്പട്ടം നൽകിയിരുന്നു. ഇവിടെ പാഠ്യപദ്ധതികളിലുള്ള ഏകീകരണമോ, കർമ്മാനുഷ്ഠാനങ്ങളിലുള്ള ഏകീകരണമോ അത്ര കൃത്യമായിരുന്നില്ല. ലത്തീൻ മെത്രാന്മാരുടെ ഭരണമായിരുന്നതുകൊണ്ട് വിധേയത്വത്തിന്റെയും അനുസരണത്തിന്റെയും കാര്യത്തിൽ പൊതുവെ കുറവുണ്ടായിരുന്നു എന്നതും വസ്തുതയായിരുന്നു.

മാന്നാനത്ത് കുറെക്കൂടി ചിട്ടയോടെയുള്ള പാഠ്യവിഷയങ്ങളും പരിശീലനത്തിലുള്ള ഏകീകരണവും വന്നപ്പോൾ വ്യക്തിതാല്പര്യങ്ങൾ വിട്ട് സഭയാകുന്ന കൂട്ടായ്മയെ കേന്ദ്രീകരിച്ചുള്ള ചിന്തകളും താല്പര്യങ്ങളും വൈദികരുടെയിടയിൽ വളർന്നുവന്നു. താമസിയാതെ പടിപടിയായി വരാപ്പുഴ വികാരി അപ്പസ്തോലിക്കാമാർ മല്പാനേറ്റുകൾ അഥവാ ഇടവക സെമിനാരികൾ നിർത്തലാക്കി. ആശ്രമങ്ങളോട് ചേർന്ന് - മാന്നാനത്ത് 1833, വാഴക്കുളത്ത് 1866, ഏൽത്തുരുത്തിൽ 1868, പുളിങ്കുന്നിൽ 1872 - തുടങ്ങിയ സെമിനാരികളിലും പുത്തൻപള്ളിയിൽ 1866-ൽ തുടങ്ങിയ പൊതുസെമിനാരിയിലുമായി വൈദിക പരിശീലനം നിലനിർത്തിയെങ്കിലും 1894 ന് ശേഷം ആശ്രമസെമിനാരികളും നിർത്തലാക്കി. മംഗലപ്പുഴ സെമിനാരിയുടെ ആവിർഭാവം ഇതിന്റെ പിന്നാലെയാണ്.

ചാവറപ്പിതാവിന്റെയും മറ്റും നേതൃത്വത്തിൽ മാന്നാനത്താരംഭിച്ച പൊതുസെമിനാരിയുടെ മെച്ചം മനസ്സിലാക്കിക്കൊണ്ടാണ് പിന്നീട് പുത്തൻപള്ളിയിലും മംഗലപ്പുഴയിലുമൊക്കെ മേജർ സെമിനാരികൾ വളർന്നുവരാൻ കാരണമായത്. പലരുകൂടി പല വിഷയങ്ങൾ പഠിപ്പിക്കുകയും ഏകീകരണത്തോടെയുള്ള പരിശീലനം നടപ്പിലാക്കുകയും ചെയ്തപ്പോൾ ഇൻഡ്യൻസഭയുടെ പാരമ്പര്യങ്ങളെക്കുറിച്ചും ആരാധനക്രമങ്ങളെക്കുറിച്ചും സഭാഭരണപരമായ നേതൃത്വത്തിന്റെ ആവശ്യകതയെക്കുറിച്ചും വളർന്നുവന്ന അവബോധത്തിന് ആഴം കൂട്ടുവാൻ ചാവറയച്ചനും തന്റെ സന്യാസസഭയും എടുത്ത നേതൃത്വം സ്വന്ത രീത്തി

നെക്കുറിച്ചും അതിന്റെ ഭരണപരമായ തനിമയെക്കുറിച്ചുമുള്ള അവബോധം വളർത്തുന്നതിന് കാരണമായി.

**സഭാഭരണത്തിൽ രണ്ട് സംവിധാനങ്ങളിൽനിന്നുള്ള വിടുതൽ**

- പോർട്ടുഗീസ് കോളനികളായി മാറുന്ന രാജ്യങ്ങളിൽ മിഷൻ പ്രവർത്തനത്തെ സപ്പോർട്ട് ചെയ്യുന്നതിനായി മാർപാപ്പയും പോർട്ടുഗീസ് രാജാവും തമ്മിലുണ്ടാക്കിയ വ്യവസ്ഥയാണ് 'പാദ്രുവാദോ' എന്നിയപ്പെട്ടിരുന്ന സഭാഭരണ സംവിധാനം. കേരളത്തിൽ നിലവിലുണ്ടായരുന്ന പ്രൊപ്പഗാന്ത ഭരണസംവിധാനവും പദ്രുവാദോ സംവിധാനവും തമ്മിൽ ഏറ്റുമുട്ടലുകൾ ഉണ്ടാകുകയും വിശ്വാസികൾ വിഭജിക്കപ്പെടുകയും ചെയ്തപ്പോൾ മാർപാപ്പ 1838-ൽ പദ്രുവാദോ സംവിധാനം ഇൻഡ്യയിൽ നിർത്തലാക്കി. ഫലത്തിൽ വിഭജനത്തിനുള്ള സാദ്ധ്യതകൾ പെരുകി.

ഈ പ്രതിസന്ധിയിലാണ് പദ്രുവാദോ അനുഭാവികൾ കൂടുതലുണ്ടായിരുന്ന കൊല്ലം, തെക്കൻ പ്രദേശങ്ങളിലേക്ക് സി.എം.ഐ. സ്ഥാപകപിതാക്കന്മാരിൽ ഒരാളായിരുന്ന പോരൂക്കര തോമാ മല്പാനെ പ്രത്യേക ചുമതലകളോടെ വരാപ്പുഴ മെത്രാൻ അയയ്ക്കുന്നത്. അദ്ദേഹത്തിന്റെ ആരോഗ്യവും ആയുസ്സും പ്രതിസന്ധിയിലാക്കിക്കൊണ്ട് നടത്തിയ പോരാട്ടം സഭയെ ഒന്നിച്ചുനിർത്തുവൻ വളരെ സഹായകമായി.

**സുറിയാനി കത്തോലിക്കാ വൈദികരുടെ പുതിയ വേഷസംവിധാനം**

- യാക്കോബായ വൈദികരുടെ വേഷസംവിധാനമായിരുന്നു 19-ാം നൂറ്റാണ്ടിന്റെ തുടക്കവർഷങ്ങൾ വരെ സുറിയാനി കത്തോലിക്കാവൈദികരും ധരിച്ചിരുന്നത്. കഴുത്തിന് ചുറ്റി മടക്കിയിട്ടിരുന്ന ഒരു ഷാൾ മാത്രമായിരുന്ന വ്യത്യാസം. ഇത് സുറിയാനി കത്തോലിക്കാവൈദികരുടെ വ്യക്തിത്വത്തെ വേർതിരിച്ച് നിർത്തുവാൻ സാധിക്കാതെ വന്ന വരാപ്പുഴ പ്രതിസന്ധിയാലാണ് ലത്തീൻ വൈദികർ ധരിച്ചിരുന്ന കറുത്ത ളോവയോട് സാമ്യം വരുന്നതും ഇന്ന് ഇടവകവൈദികർ ധരിക്കുന്ന വെള്ള ളോവ തന്റെ സെമിനാരി ഗുരുവും പിന്നീട് സി.എം.ഐ. സ്ഥാപകപിതാക്കളിലൊരുവനുമായ പാലയ്ക്കൽ തോമാ മല്പാൻ പുതുതായി രൂപകല്പന ചെയ്ത് ധരിപ്പിച്ച് തുടങ്ങിയത് എന്ന് ചാവറപ്പിതാവ് സാഹചര്യങ്ങളെ വിശദീകരിച്ചുകൊണ്ട് തന്റെ *നാളാഗമ*ത്തിൽ വിവരിക്കുന്നുണ്ട്.

തങ്ങളെ മറ്റ് വൈദികരിൽനിന്നും വേർതിരിച്ച് നിറുത്തുന്ന വേഷസംവിധാനം സുറിയാനി കത്തോലിക്കാ വൈദികരെ കൂടുതൽ ഒന്നിപ്പിക്കുന്നതിനും ഏകതാബോധം വളർത്തി എടുക്കുന്നതിനും കാരണമായി എന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

**ഓരോ റീത്തിലും സ്വന്ത മെത്രാന്മാരുടെ ആവശ്യകത**

- സുറിയാനി കത്തോലിക്കാസഭ കേരളത്തിൽ വീണ്ടും വീണ്ടും വിഭജിക്കപ്പെട്ടുകൊണ്ടിരുന്ന കാലഘട്ടമാണ് 18, 19 നൂറ്റാണ്ടുകൾ. ഇതിന് പ്രധാന കാരണമായി ചാവറയച്ചൻ കണ്ടെത്തിയത് ലത്തീൻകാർക്കും സുറിയാനി കത്തോലിക്കർക്കും വേറെ വേറെ മെത്രാന്മാരില്ലാത്തതായിരുന്നു കേരളസഭയിലേക്ക് ശീശ്മകൾ കടന്നുവരാൻ കാരണമായതും സ്വന്തത്വം അവതരിപ്പിച്ചുകൊണ്ട് പേർഷ്യൻ സഭകളിൽനിന്ന് കടന്നുവന്ന മെത്രാന്മാരുടെ തെറ്റായ നിയോഗങ്ങളായിരുന്നു.

19-ാം നൂറ്റാണ്ടിലുണ്ടായ ആദ്യ കടന്നുകയറ്റം ബാഗ്ദാദിൽനിന്ന് മെയ് 9 1861-ൽ എത്തിയ റോക്കോസ് മെത്രാനിലൂടെയായിരുന്നു. സമയോചിതമായി വരാപ്പുഴ മെത്രാൻ ചാവറയച്ചനെ സഭയുടെ മുഴുവന്റെയും വികാരി ജനറാളായി അവരോധിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്താണ് സുറിയാനി കത്തോലിക്കാസഭയെ വലിയൊരു ശീശ്മയിൽനിന്നും രക്ഷിച്ചത് എന്ന് ചരിത്രം സാക്ഷിക്കുന്നു.

ചാവറയച്ചനും ഏതാനും സി.എം.ഐ വൈദികരും ചേർന്ന് 1861 ജൂൺ 19-ന് മാർപാപ്പയ്ക്ക് എഴുതി സത്യാവസ്ഥ അറിയുന്നതിനുവേണ്ടി. കത്തിലെ ചെറിയൊരു ഭാഗം ഇവിടെ ചേർക്കുന്നു: "ഈ മെത്രാനാവട്ടെ (റോക്കോസ്) അങ്ങയുടെ അനുവാദത്തോടും കല്പനയോടും കൂടെ മലയാളത്തിലെ കൽദായ ക്രിസ്ത്യാനികളെ ഭരിക്കുന്നതിനുള്ള നിർദ്ദേശത്തോടെ മേൽപ്പറഞ്ഞ പാത്രിയാർക്കീസ് തന്നെ മലയാളത്തിലേക്ക് അയച്ചുവെന്ന്... വൈദികരും വിശ്വാസികളും ദിവസേന എന്നോണം അദ്ദേഹത്തിന്റെ പക്കൽ പൊയ്ക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ ഈ എഴുത്തിന് മറുപടി ഇവിടെ എത്തുന്നതിന് മുമ്പ് ഒരു പക്ഷെ ഞങ്ങളുടെ പള്ളികൾ എല്ലാംതന്നെ അദ്ദേഹത്തിന്റെ അനുസരണത്തിൻകീഴ് അണിനിരക്കും."

ചാവറയച്ചൻ എഴുതിയ കത്തിന് 1861 സെപ്റ്റംബാർ 6-ന് മാർപാപ്പ നൽകിയ മറുപടിയിൽ ഇപ്രകാരം കാണുന്നു: "... ആകയാൽ സ്നേഹമക്കളെ, റോക്കോസ് മെത്രാൻ പള്ളിക്കടുത്ത അധികാരമില്ലാത്തവനും ക്രമവിരോധമായി നിയമിക്കപ്പെട്ടവനും പള്ളിക്കടുത്ത പല മഹറോനിൽ വീണിരിക്കുന്നവനും ആയിരിക്കുന്നു എന്ന് നിങ്ങൾ ധരിച്ചുകൊള്ളുവിൻ." 116 ഇടവകകളും അതിലെ ജനങ്ങൾ മുഴുവനും

തന്നെ റോക്കോസ് പക്ഷത്തേക്ക് ചേർന്നെങ്കിലും ഏതാനും നാളുകൾക്കുള്ളിൽ ചാവറയച്ചന്റെയും സഹ പ്രവർത്തകരുടെയും കഠിനാദ്ധ്വാനംവഴി എല്ലാവരെയും സത്യസഭയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ സാധിച്ചു.

ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽ മനംമടുത്ത, അവസരം വന്നാൽ സ്വന്തം മെത്രാനുവേണ്ടി വീണ്ടും ജനം പേർഷ്യൻസഭയെ സമീപിക്കുമെന്ന് തിരിച്ചറിഞ്ഞ ചാവറയച്ചൻ പ്രൊപ്പഗാന്താ തിരുസംഘത്തിന് 1869–ൽ എഴുതിയ കത്ത് തുടർന്ന് വലിയ ചലനങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമായി എന്ന് ഇതേ എഴുത്തിനെ ഉദ്ധരിച്ചുകൊണ്ടുള്ള എഴുത്തുകൾ തെളിയിക്കുന്നുമുണ്ട്. അദ്ദേഹം എഴുതിയ കത്തിലെ പ്രസക്തമായ ഭാഗം ഇപ്രകാരമാണ്: "അതുകൊണ്ട് അത്യുന്നത തിരുമേനി, നല്ലതെന്ന് എനിക്ക് തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ട് മെത്രാന്മാർ ഉണ്ടാകുന്നത് വളരെ നല്ലതാണ്. ഒന്ന് ലത്തീൻ സഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാനുണ്ടാകണമെന്നുള്ള ആഗ്രഹം ഇല്ലാതാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും. മാത്രമല്ല, യാക്കോബാ യക്കാരെന്നറിയപ്പെടുന്ന അകത്തോലിക്കർ തങ്ങളുടെ രക്തബന്ധികളും ബന്ധുക്കളുമായി അനേകരു ണ്ട്. തങ്ങളുടെ ശീശ്മ ഉപയോഗിച്ച് കത്തോലിക്കാ ഐക്യത്തിലേക്ക് തിരിച്ചുവരാനും ഇത് വളരെ സഹായിക്കും." കാര്യകാരണങ്ങളെ വിശദീകരിച്ചുകൊണ്ട് ഇതേ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മറ്റൊരു കത്ത് ചാവറയച്ചൻ എഴുതിയിട്ടുള്ളതായി മാന്നാനം ആർക്കൈവ്സിലെ രേഖാശേഖരത്തിൽ കാണുന്നു. ചാവറയച്ചന്റെ നേതൃത്വവും റോമുമായുള്ള ബന്ധവും ഏകതാബോധത്തിന് മാറ്റുകൂട്ടി.

**സ്വയം ഭരണാധികാരവും സ്വന്തം മെത്രാനെയും ആവശ്യപ്പെട്ടതിന്റെ പേരിൽ സന്യാസസഭയ്ക്ക് നഷ്ടപ്പെട്ട 'ഏഴ് വ്യാകുലങ്ങൾ'**

കേരളസഭയ്ക്ക് വരാനിരിക്കുന്ന ഭവിഷ്യത്തിനെക്കുറിച്ച് മുൻകൂട്ടി നടത്തിയ ചാവറയച്ചന്റെ പ്രവച നംപോലെ അദ്ദേഹത്തിന്റെ മരണശേഷം പേർഷ്യയിൽനിന്ന് മേലൂസ് മെത്രാൻ പുതിയൊരു ശീശ്മയ്ക്ക് 1874–ൽ വഴിതെളിച്ചു. അതിനെ നിയന്ത്രിച്ചില്ലാതാക്കാൻ സി.എം.ഐ. സഭയിലെ അംഗങ്ങൾ തന്നെ യാണ് മുന്നിൽ നിന്നതും. ഈ മുന്നേറ്റത്തിന്റെ ഭാഗമായാണ് സ്വയം ഭരണാധികാരത്തിനും സ്വന്തം മെത്രാനെ ലഭിക്കുന്നതിനുംവേണ്ടി മാർപാപ്പയെ വിവരങ്ങൾ ധരിപ്പിച്ച് ഏഴ് പേർ ചേർന്ന് എഴുതിയത്. ഇതിന്റെ പരിണിതഫലമാണ് വരാപ്പുഴ ഭരണാധികാരികൾ അവരെ സന്യാസത്തിൽനിന്ന് ബഹിഷ്കരി ക്കാനാവാശ്യപ്പെടുന്നതും 'ഏഴ് വ്യാകുലങ്ങൾ' ആയി പിന്നീട് അറിയപ്പെട്ടതും.

ചാവറയച്ചന്റെ മരണത്തിനുശേഷം സഭയുടെ ജനറാളായി തിരഞ്ഞെടുക്കപ്പെട്ട കുര്യാക്കോസ് ഏലീശാ പോരൂക്കരയച്ചനെ വികാരി ജനറാളായും ചുമതലപ്പെടുത്തിയിരുന്നു. പദ്രുവാദോ ശീശ്മയെ അടിച്ച മർത്തുവാൻ തെക്കൻ പ്രദേശങ്ങളിൽ ഓടി നടക്കുന്നതിനിടയിലാണ് ശീശ്മ മെത്രാനായ മേലൂസ് 1874 ഒക്ടോബർ 2ന് തൃശൂരിലെത്തിയത്. ഇതിനെ നേരിടാൻ റോക്കോസ് ശീശ്മയുടെ കാലത്ത് ചെയ്തതു പോലെ വലിയ പ്രിയോരച്ചനും സന്യാസസഭാംഗങ്ങളും മുന്നിട്ടിറങ്ങി. ഇതിനിടയിലാണ് സന്യാസി കൾ സ്വയംഭരണത്തിനുവേണ്ടി സ്വന്തറീത്തിൽപ്പെട്ട മെത്രാനെ ആവശ്യപ്പെട്ടുകൊണ്ട് മാർപാപ്പയ്ക്ക് എഴുതി എന്ന വാർത്ത വരാപ്പുഴ ലെയോനാർഡ് മെല്ലാനോ മെത്രാപ്പോലീത്തായിലെത്തുന്നത്. അദ്ദേഹ ത്തിന്റെ അറിവുകൂടാതെ മാർപാപ്പയ്ക്ക് എഴുതി എന്നതിന്റെ പേരിലാണ് അതിന് നേതൃത്വം എടുത്ത വർ ആരൊക്കെ എന്ന് സൂത്രത്തിൽ ഉറപ്പുവരുത്തി മാന്നാനത്തും പുളിങ്കുന്നിലും സെമിനാരികളിൽ പഠി പ്പിച്ചുകൊണ്ടിരുന്ന ഏഴ് അച്ചന്മാരെ അനുസരണക്കേടിന്റെ പേരിൽ സന്യാസത്തിൽനിന്ന് ഉപേക്ഷിക്ക ണമെന്ന് ജനറാളായിരുന്ന കുര്യാക്കോ ഏലീശാച്ചനെ മെത്രാപ്പോലീത്താ നിർബന്ധിച്ചത്. അക്രമികളും ഭോഗേച്ഛുക്കളും അനുസരണയില്ലാത്തവരും എന്നായിരുന്നു അവരുടെമേലുള്ള കുറ്റങ്ങൾ.

തക്ക കാരണങ്ങളില്ലാതെ അംഗങ്ങളുടെമേൽ നടപടി എടുക്കില്ലായെന്നും മെത്രാപ്പോലീത്താ മാർപാ പ്പയ്ക്ക് എഴുതുന്ന കത്തിന്റെ ഉള്ളടക്കം എന്തെന്നറിയാതെ കത്തിൽ ഒപ്പിടില്ലായെന്നും കുര്യാക്കോസ ച്ചൻ നിലപാടെടുത്തെങ്കിലും അധികാരിയുടെ ഭീഷണിക്കുമുമ്പിൽ കീഴടങ്ങിക്കൊണ്ട് തന്റെ ഏഴ് ആത്മീ യമക്കളെ തന്റെ സമൂഹത്തിൽനിന്ന് പുറത്താക്കേണ്ടിവന്നു.അവരുടെ പേരുകൾ തന്റെ സഭയിൽനിന്ന് വെട്ടിക്കളഞ്ഞപ്പോൾ "ഞാൻ എന്റെ സഹോദരന്മാരുടെ രക്തത്തിൽ വിരൽ മുക്കിയിരിക്കുന്നു" എന്നാണ് വേദനയോടെ അദ്ദേഹം കുറിക്കുന്നത്. പഴേപറമ്പിൽ ലൂയീസച്ചൻ, ചാവറ യൗസേപ്പച്ചൻ, മീനാട്ടൂർ മാണിയച്ചൻ, തറവട്ടത്തിൽ ഹിലാരിയോനച്ചൻ, ശങ്കൂരിക്കൽ പൗലോസച്ചൻ, ഇരിമ്പൻ വറുഗീസച്ചൻ, മാതേയ്ക്കൽ മത്തായിയച്ചൻ എന്നീ ഏഴ് പേർ സി.എം.ഐ. സഭയിൽനിന്ന് ബഹിഷ്കൃതരായെങ്കിലും പുരോഹിതരായി തുടർന്ന അവർ കേരളസഭയുടെ ഐക്യത്തിനും റീത്തടിസ്ഥാനത്തിൽ മെത്രാനെ ലഭിക്കുന്നതിനുംവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നു. സ്ഥിതിവിശേഷങ്ങൾ റോമിലറിഞ്ഞ മാർപാപ്പ കേര ളത്തിലെ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാനായി അപ്പസ്തോലിക് വിസിറ്ററായി ലെയോ മെവുറിൻ മെത്രാനെ അയച്ചു. കാര്യങ്ങൾ പഠിച്ച അദ്ദേഹമാണ് ഇവരെ കേരള സഭയുടെ "ഏഴ് വ്യാകുലങ്ങൾ" എന്ന് ആദ്യമേ വിളിച്ചത്. ദൈവപരിപാലനയിൽ ഇവരിൽ ഒരാളായ ലൂയീസ് പഴേപറമ്പിലച്ചനെയാണ്

സ്വന്തം റീത്തിലുള്ള എറണാകുളം വികാരിയാത്തിന്റെ ആദ്യമെത്രാനായി നിയോഗിച്ചതും. 15-ാം നൂറ്റാണ്ടിനുശേഷം സ്വതന്ത്രസഭയായുള്ള സീറോ-മലബാർ സഭയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ സി.എം.ഐ. സഭയുടെ പങ്കിനെക്കുറിച്ച് വ്യക്തമാക്കുന്നതാണ് ഇവയെല്ലാം.

**പുനരൈക്യശ്രമങ്ങൾ**

- 1653-ലെ കൂനൻകുരിശ് സത്യം മതൽ സത്യസഭയിൽനിന്ന് ഭിന്നിച്ച് മാർപാപ്പയെ അംഗീകരിക്കാത്ത യാക്കോബായ സഭാംഗങ്ങളായി മാറിയവരെ പുനരൈക്യത്തിലേക്ക് കൊണ്ടുവരാൻ ശ്രമങ്ങൾ പലത് നടത്തിയിട്ടുണ്ടെങ്കിലും 19-ാം നൂറ്റാണ്ടിൽ ചാവറയച്ചനും തുടർന്ന് തന്റെ പിൻഗാമികളും നടത്തിയ ശ്രമങ്ങൾ വിജയമണിയിക്കാൻ കാരണമായി എന്ന് ചരിത്രം സാക്ഷിയാണ്, ചെത്തിപ്പുഴ ആശ്രമം നിമിത്തമാണ്. ഇവയെല്ലാം സീറോ-മലബാർ സഭയുടെ ഐക്യത്തെയും അവധാനതയെയും ഊട്ടിയുറപ്പിക്കാൻ സന്ദർഭങ്ങളായി.

1860-കളിൽ ചാവറയച്ചൻ റോമിലേക്കെഴുതുന്ന പല കത്തുകളിലും സ്വന്തം മെത്രാന്മാരുണ്ടായാൽ പുനരൈക്യത്തിനുള്ള സാദ്ധ്യതകൾ ഏറും എന്ന് അറിയിക്കുന്നു. 1869-ൽ നടന്ന ഒന്നാം വത്തിക്കാൻ സൂനഹദോസിലേക്ക് ഭിന്നിച്ച് നിൽക്കുന്ന സഭകളുടെ മെത്രാന്മാരെ 9-ാം പീയൂസ് പാപ്പ ക്ഷണിച്ചപ്പോൾ കേരളത്തിലെ യാക്കോബായ മെത്രാന്മാരെ പ്രോത്സാഹിപ്പിക്കുവാൻ അവരുടെ വൈദികർക്കായി ചാവറയച്ചൻ എഴുതിയ കത്തിന്റെ ഡ്രാഫ്റ്റ് കോപ്പി മാന്നാനത്ത് സൂക്ഷിക്കപ്പെടുന്നു. 1886-ലും 96-ലുമായി സുറിയാനി റീത്തിൽ നാട്ടുമെത്രാന്മാരെ ലഭിച്ചുതുടങ്ങിയപ്പോൾ മുതൽ പുനരൈക്യശ്രമങ്ങൾ ത്വരിതപ്പെടുത്തി. യാക്കോബായാംഗങ്ങൾ ധാരാളമുള്ള തിരുവല്ല പ്രദേശങ്ങളിൽ സ്റ്റീഫൻ തയ്യിൽ, ഹൈഡിന്തു കുന്നുങ്കൽ, ഗ്രിഗറി നീരാക്കൽ, ഇഗ്നേഷ്യസ് പുത്തൻപുരയ്ക്കൽ തുടങ്ങിയ സി.എം.ഐ. അംഗങ്ങളുടെ പ്രവർത്തനം പുനരൈക്യത്തിലേക്കുള്ള വഴികൾ തെളിക്കുവാൻ എളുപ്പമായി. ചങ്ങനാശ്ശേരി, ചെത്തിപ്പുഴ ആശ്രമത്തോട് ചേർന്നുണ്ടായിരുന്ന സെമിനാരിയിലെ പ്രൊഫസേഴ്സിന്റെ പ്രത്യേകിച്ചും പ്ലാസിഡ് പൊടിപാറയെപ്പോലുള്ള അച്ചന്മാരുടെ നേതൃത്വം യാക്കോബായ മെത്രാന്മാരായിരുന്ന മാർ ഈവാനോസിനെയും മാർ തെയോഫിലോസിനെയും പുനരൈക്യത്തിലേക്ക് നയിക്കുന്നതിന് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ചെത്തിപ്പുഴ ആശ്രമം ആദ്യ അംഗങ്ങളായി ചേർന്ന യാക്കോബായ വൈദികരെയും മെത്രാന്മാരെയും കത്തോലിക്കാസഭയുടെ പഠനങ്ങളിൽ ഒരുക്കുന്നതിനും ധ്യാനത്തിലൂടെ ശക്തിപ്പെടുത്തുന്നതിനും കൊടുത്ത സഹകരണത്തിന്റെ ഓർമ്മയ്ക്കായി എടുത്ത ഫോട്ടോകൾ സജീവസാക്ഷ്യം വഹിക്കുന്നു.

നൂറ്റാണ്ടുകളായി പ്രശ്നങ്ങളുടെ നൂലാമാലയിൽ കെട്ടുപിണഞ്ഞു കിടന്നിരുന്ന സഭ അതിന്റേതായ തനിമയിലേക്ക് വളർന്ന് ഹയരാർക്കിയുടെ 1923-ലെ സ്ഥാപനസംഭവം പെട്ടെന്ന് ഒരുവർഷം കൊണ്ടുണ്ടായതല്ല. പരിശുദ്ധ സിംഹാസനത്തെ ഈ ബോദ്ധ്യത്തിലേക്ക് വളർത്തിക്കൊണ്ടുവരുവാൻ പുറകോട്ട് ഒരു നൂറ്റാണ്ടോളമുള്ള സി.എം.ഐ. സഭയുടെ കൂട്ടായ നേതൃത്വവും ദൈവപരിപാലനയുടെ ഭാഗമായിരുന്നു. ഹയരാർക്കി സ്ഥാപിച്ചുകിട്ടുക എന്ന ലക്ഷ്യത്തോടുകൂടി ആയിരുന്നില്ലെങ്കിലും സഭയുടെ ഐക്യവും വ്യക്തിത്വവും വളർത്തിയെടുക്കുവാൻ ആരാധനക്രമത്തിൽ വി. ചാവറപ്പിതാവ് നടത്തിയ നവീകരണങ്ങളടക്കം സഭയുടെ ഭരണനിയന്ത്രണത്തിൽ മെത്രാന്മാർക്കുള്ള സ്ഥാനം ഉറപ്പിക്കുവാൻ കാരണമായിട്ടുണ്ട്. ഒരു വ്യക്തിസഭയ്ക്ക് അനുവദിക്കുന്ന സ്വാതന്ത്ര്യം അതിന്റെ ഭരണനിപുണതയിൽ കാണിക്കുന്ന കെട്ടുറപ്പാണ്. ഈ ബോദ്ധ്യം വന്നപ്പോൾ റോം സീറോ-മലബാർ സഭയെ ഹയരാർക്കിയാക്കി ഉയർത്തി.